entri

# Current affairs 15 Aug 2025

### ഇന്ത്യൻ സ്വാതന്ത്ര്യ ദിനം
ആഗസ്റ്റ് 15
- 79-ാമത് സ്വാതന്ത്ര്യദിനമാണ് രാജ്യം 2025 ൽ ആഘോഷിക്കുന്നത്.
- ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെയും, 1947-ൽ ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായതിന്റെയും ഓർമ്മക്കായി എല്ലാ വർഷവും ഓഗസ്റ്റ് 15-ന് ഇന്ത്യയിൽ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നു.

---

### സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി സുരക്ഷാ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രാജ്യത്തിന്റെ അതിർത്തികളിൽ അതിർത്തി സുരക്ഷാ സേന (ബിഎസ്എഫ്) ആരംഭിച്ച ഓപ്പറേഷൻ
ഓപ്പറേഷൻ അലേർട്ട്

---

### 15-ാമത് ജൂനിയർ ദേശീയ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പ് കിരീട ജേതാക്കൾ
ജാർഖണ്ഡ്
- ഫൈനലിൽ ഹരിയാനയെ പരാജയപ്പെടുത്തിയാണ് ജാർഖണ്ഡ് കിരീടം സ്വന്തമാക്കിയത്.

---

### സാനിട്ടറി നാപ്കിന്നിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്ന കേരളത്തിലെ ആദ്യ പ്ലാന്റ് നിലവിൽ വന്നത്
വർക്കല
- ഗാർഹിക ബയോമെഡിക്കൽ സാനിട്ടറി മാലിന്യങ്ങളായ ഡയപ്പറുകൾ, സാനിട്ടറി പാഡുകൾ, പുനരുപയോഗ സാധ്യമല്ലാത്ത തുണികൾ, മുടി എന്നിവ ശാസ്ത്രീയമായി നിർമാർജനം ചെയ്യുന്നതിനായി സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാങ്കേതിക അനുമതിയോട് കൂടിയാണ് വർക്കല നഗരസഭ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്.

---

### വിയറ്റ്നാമീസ് ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ വിൻഫാസ്റ്റിന്റെ ഇന്ത്യയിലെ ആദ്യത്തെ നിർമ്മാണ പ്ലാന്റ് നിലവിൽ വന്നത്
തൂത്തുക്കുടി, തമിഴ്നാട്







4.8 ★ Download the app now | Learn in Malayalam